**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4124** **18-07-2022 - ൽ മറുപടിയ്ക്ക്**

**കേരളാ സ്റ്റേറ്റ് സി-ആപ്റ്റിൽ മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൂലായ് 1 മുതൽ നടപ്പാക്കുന്ന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിയിൽ കേരളാ സ്റ്റേറ്റ് സി-ആപ്റ്റ് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (എ) | **കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഗുണഭോക്താക്കളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മെഡിസെപ് പദ്ധതി 01.07.2022 മുതൽ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഈ പദ്ധതി കാലയളവിൽ തന്നെ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരെ മെഡിസെപ് -ൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാലും പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി കൈക്കൊള്ളുമ്പോൾ ടി** |

| | | | |
|---|---|---|---|
| | | | **ജീവനക്കാരെ കൂടി ഉൾപ്പെടുത്തുന്ന പ്രായോഗികത പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ